(സി) ഓരോ പട്ടികജാതി കുടുംബത്തിനും ശരാശരി 18,297.67 രൂപ വീതവും ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ശരാശരി 29,440 രൂപ വീതവും ലഭിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതിയിൽപ്പെട്ട ഏകദേശം 87,000 കുടുംബങ്ങളും പട്ടികവർഗ്ഗത്തിൽപ്പെട്ട 29,000 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയതായി കണക്കാക്കിയിട്ടുണ്ട്.

പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

9(212) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാനും യഥാസമയം ലഭ്യമാക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾക്ക് പുറമേ പുതിയതായി എന്തെങ്കിലും ആനുകൂല്യങ്ങൾ ഇവർക്കുവേണ്ടി നടപ്പിലാക്കിയിരുന്നുവോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാനും അവ യഥാസമയം ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളെയും പുതുതായി അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

ചികിത്സയ്ക്കായി അനുവദിച്ച തുക

10(213) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ കീഴിലുള്ള ഫണ്ടിൽ നിന്ന് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട രോഗികളുടെ ചികിൽസക്കായി കായംകുളം എം.എൽ.എ.യുടെ നിവേദനപ്രകാരം ഇതുവരെ അനുവദിച്ച കേസുകളുടെ വിവരങ്ങളും തുകകളും വ്യക്തമാക്കാമോ ;

(ബി) കായംകുളം എം.എൽ.എ. വഴി ഇതിനായി നൽകിയ എത്ര നിവേദനങ്ങൾ തീർപ്പു കൽപ്പിക്കാനുണ്ട്; വിശദാംശം നൽകുമോ ?

---

†അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കായംകുളം എം.എൽ.എ. യുടെ നിവേദനപ്രകാരം എസ്.സി./ എസ്.ടി വിഭാഗത്തിൽപ്പെട്ട രോഗികളുടെ ചികിൽസക്കായി പണം അനുവദിച്ച കേസുകളുടെ എണ്ണവും തുകയും ചുവടെ ചേർക്കുന്നു.

വർഷം	കേസ്	തുക
1998	1	20,000 രൂപ
1999	4	30,000 രൂപ
2000	17	76,000 രൂപ

(ബി) നവംബർ ഡിസംബർ മാസങ്ങളിൽ ലഭിച്ച നാല് അപേക്ഷകൾ തീർപ്പു കൽപ്പിക്കാനുണ്ട്.

പട്ടികജാതി- പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂവുടമകളാക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതി

11(214) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂവുടമകളാക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതി വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കിവരുന്നത് ;

(ബി) ഇതനുസരിച്ച് എത്ര കുടുംബങ്ങൾക്ക് ഗുണം സിദ്ധിക്കാൻ വേണ്ടിയാണ് പദ്ധതി തുടങ്ങിയത് ;

(സി) പദ്ധതി എന്നാണ് തുടങ്ങിയത് ;

(ഡി) ഇതുമൂലം എത്ര കുടുംബങ്ങൾക്ക് ലക്ഷ്യമിട്ട ഗുണം സിദ്ധിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഓരോ ജില്ലയിലും എത്ര വീതം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുറഞ്ഞത് 50 സെന്റെങ്കിലും കൃഷിഭൂമി സ്വന്തമാക്കാനായി പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതിയനുസരിച്ച് 50,000 രൂപ ഗവൺമെന്റ് സബ്സിഡി നൽകുന്നു. ശേഷിക്കുന്ന തുക വായ്പ യായി കോർപ്പറേഷൻ നൽകുന്നു.

(ബി) 1998-99, 1999-2000, 2000-2001 വർഷങ്ങളിലായി 2680 കുടുംബങ്ങൾക്ക് ഭൂമി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) 1998-99 - ലാണ് തുടങ്ങിയത്.

LIBRARY ARCHIVES Kerala Legislative Assembly